## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2524 — 18.06.2014 ൽ മറുപടിക്ക്.

### സ്വകാര്യമേഖലയിലെ തൊഴിലാളികളുടെ വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യമേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പുവരുത്തുവാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ;<br><br>(ബി) ഇതിന്റെ ഭാഗമായി പ്രസ്തുത വിഭാഗക്കാരുടെ ശമ്പളം ബാങ്കു വഴി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പുവരുത്തുന്നതിനുവേണ്ടി രൂപകൽപ്പന ചെയ്തിട്ടുള്ള ഇ – ഗവേണൻസ് സംരംഭമായ വേതനസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിക്കുന്നു. ആയതിലേയ്ക്കായി കെൽട്രോൺ തയ്യാറാക്കിയ ലേബർ കമ്മീഷണറേറ്റ് ഓട്ടോമേറ്റഡ് സിസ്റ്റം എന്ന ഓൺലൈൻ സംവിധാന ത്തിൽ ഇ – പേയ്മെന്റ് ഘടകം കൂടി സംയോജിപ്പിച്ച് തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ വേതനതുക നിക്ഷേപിച്ച് ആയത് തൊഴിലാളികൾക്ക് ലഭിക്കുന്നത് ഉറപ്പുവരുത്തുക എന്നതാണ് വേതന സുരക്ഷാ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (സി) ശമ്പളം ബാങ്ക് വഴി നൽകണമെന്ന് നിഷ്കർഷിക്കുന്ന ശമ്പളസംരക്ഷണ നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) & (ഡി) ശമ്പളം ബാങ്ക് വഴി നൽകുന്നതിന് പേയ്മെന്റ് ഓഫ് വേജസ് ആക്ടിൽ ആവശ്യമായ നിയമഭേദഗതിയ്ക്കുള്ള ബിൽ നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) എങ്കിൽ ഇതിനുള്ള നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ആഫീസർ.